"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ട്രഷറി വകുപ്പ് - എരുമേലി സബ് ട്രഷറിയുടെ കെട്ടിട വാടക പുനർനിർണ്ണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 6138/2025/ധന.  തീയതി, തിരുവനന്തപുരം, 23/07/2025

പരാമർശം :- 1. ട്രഷറി ഡയറക്ടറുടെ 15/05/2023, 09/06/2025 തീയതികളിലെ TRY/4562/2021-A2 നമ്പർ കത്തുകൾ

2. 09/05/2022 -ലെ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നം.30/AEE/PBSD/KPLY/2021-22

3. 27/05/2025 -ലെ എരുമേലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സമ്മതപത്രം

**ഉത്തരവ്**

എരുമേലി സർവ്വീസ് സഹകരണ ബാങ്ക് വക സർക്കാരേതര വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ ട്രഷറിയുടെ അധികാരപരിധിയിലുള്ള എരുമേലി സബ് ട്രഷറിയുടെ നിലവിലെ വാടക കരാറിന്റെ കാലാവധി 05/02/2020 -ൽ അവസാനിച്ചതിനാൽ, പ്രസ്തുത സബ് ട്രഷറിയുടെ വാടക 06/02/2020 മുതൽ പുനർനിർണ്ണയിച്ച് നൽകുന്നതിന് പരാമർശം (1) പ്രകാരം ട്രഷറി ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. staff strength അനുസരിച്ചുള്ള തറ വിസ്തീർണ്ണത്തിലും കൂടുതലായി വരുന്ന ഏരിയ ഉൾപ്പെടെയുള്ള 122.3 ച. മീറ്റർ ഒക്യുപൈഡ് ഏരിയ, സ്ട്രോങ്ങ് റൂം, ഗാർഡ് റൂം, പ്രായമായ പെൻഷൻകാർ ഉൾപ്പെടുന്ന ഇടപാടുകാർക്കുള്ള കസ്റ്റമർ ലോഞ്ച് എന്നിവയ്ക്ക് അനിവാര്യമാണെന്നും മേൽ സൗകര്യങ്ങളോട് കൂടിയ മറ്റൊരു കെട്ടിടം കുറഞ്ഞ വാടക നിരക്കിൽ എരുമേലി സബ് ട്രഷറിക്കായി കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരുമേലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അധീനതയിലുള്ള കെട്ടിടം എരുമേലി സബ് ട്രഷറി ഓഫീസിന് 15,000/-രൂപ വാടകയ്ക്ക് നൽകുന്നതിന് പരാമർശം (3) പ്രകാരം സമ്മതപത്രം നൽകിയിട്ടുള്ളതിനാലും കാഞ്ഞിരപ്പള്ളി പൊതുമരാമത്ത് കെട്ടിട ഉപവിഭാഗത്തിന്റെ കീഴിൽ നിലവിൽ സർക്കാർ വക കെട്ടിടങ്ങൾ ലഭ്യമല്ല എന്ന് പരാമർശം (2) പ്രകാരം

പൊതുമരാമത്ത് വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും എരുമേലി സബ് ട്രഷറി പ്രവർത്തിക്കുന്ന എരുമേലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അധികൃതരുടെ ഉടമസ്ഥതയിലുള്ള സർക്കാരേതര കെട്ടിടത്തിന് 06/02/2020 തീയതി പ്രാബല്യത്തിൽ 15,000 രൂപയായി (പതിനയ്യായിരം രൂപ മാത്രം) വാടക പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബീഹ പി എം**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
സബ് ട്രഷറി ഓഫീസർ, എരുമേലി, പത്തനംതിട്ട
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2457694: Estt-C3/67/2023-Fin)

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ